# നിക്ഷേപം സ്വർഗ്ഗത്തിൽ

## ലൂക്കോസ് 18:22

"ഇനി ഒരു കുറവ് നിനക്കുണ്ട്; നിനക്കുള്ളതൊക്കെയും വിറ്റു ദരിദ്രന്മാർക്കു പകുത്തു കൊടുക്ക; എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും."

യേശുകർത്താവിന്റെ അടുക്കലേക്ക് കടന്നുവന്നതായ പ്രമാണിയുടെ എടുത്തു പറയത്തക്കതായ സവിശേഷത അവൻ ധനവാനായിരുന്നു എന്നതായിരുന്നു. തന്റെ ജീവിതത്തിൽ പ്രാധാന്യം അർഹിച്ചിരുന്നത് സമ്പത്തായിരുന്നു. അതു കൊണ്ട് കർത്താവിന്റെ വാക്ക് അവനെ അതിദുഃഖിതനാക്കി.

യാതൊരു കുറവും ചൂണ്ടി കാണിക്കാൻ പറ്റാത്ത ഒരു സാഹചര്യത്തിലാണ് ഈ പ്രമാണി ജീവിച്ചിരുന്നതെന്ന് നമുക്ക് വചനഭാഗത്തിലൂടെ മനസ്സിലാക്കാൻ കഴിയും. ധാരാളം സമ്പത്തു കൂടാതെ ന്യായപ്രമാണ കല്പനകൾ ചെറുപ്പം മുതൽ ശ്രദ്ധയോടെ കാത്തുകൊണ്ടിരുന്നതായ ഒരു വ്യക്തി. ലോകം നോക്കിയാൽ പൂർണ്ണനായ ഒരു വ്യക്തി. എന്നാൽ യേശുകർത്താവ് അവനോടു പറഞ്ഞു; ഇനി ഒരു കുറവ് നിനക്കുണ്ട്, അവനുള്ളത് വിറ്റ് ദരിദ്രന്മാർക്ക് കൊടുക്കുക എന്നതായിരുന്നു അത്.

ലോകപരമായ നിക്ഷേപങ്ങളും, മാനവും തന്റെ ജീവിതത്തെ നിയന്ത്രിച്ചു കൊണ്ടിരുന്നു. അവന്റെ ഹൃദയം എവിടെയായിരുന്നു എന്നതായിരുന്നു യേശുവിന് പ്രാധാന്യം. തീർച്ചയായും നമ്മെ ഭയപ്പെടുത്തി ചിന്തിപ്പിക്കേണ്ടതായ ഒരു ആലോചനയാകുന്നു ഇത്. മനുഷ്യൻ സൽപ്രവൃത്തികൾകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കുവാൻ നോക്കുന്നു. ദൈവിക കൽപനകളും, ദൈവികമായ ആരാധനയും എല്ലാം അതിന്റെ ചട്ടത്തിലും ക്രമത്തിലും പാലിക്കപ്പെടാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിന്റെയൊക്കെ പിന്നിലുള്ള ഹൃദയത്തിന്റെ ഉദ്ദേശ്യം എന്താകുന്നു എന്നതാണ് പ്രാധാന്യം. "എന്റെ ഹൃദയം" ഇന്ന് ഏതിലാകുന്നു ശ്രദ്ധ കൊടുക്കുന്നത്.

പ്രമാണിയുടെ ജീവിതത്തിൽ പിടിച്ചു വെച്ചുകൊണ്ടിരുന്നതിനെ അവനു വിട്ടു കൊടുക്കാൻ മനസ്സായില്ല. ഇന്ന് കർത്താവ് നമ്മോടും ചോദിക്കുകയാണ് - ജീവിതത്തിൽ ദൈവത്തേക്കാളേറെ പ്രാധാന്യത്തോടെ എന്താണോ നിക്ഷേപമായിരിക്കുന്നത് അവന്റെ കരങ്ങളിലേക്ക് അതൊന്ന് സമർപ്പിക്കാം. അത് സമ്പത്താകാം, ജോലിയാകാം കുടുംബ മഹിമയാകാം അങ്ങനെ ഏതുമാകട്ടെ, ഹൃദയങ്ങളെ ശോധന ചെയ്യുവാനുള്ള ഒരു ആഹ്വാനമാണ് പ്രമാണിയുടെ ജീവിതത്തിലൂടെ കർത്താവ് കാണിക്കുന്നത്.

നാം ആയിരിക്കുന്ന ജീവിത യാഥാർത്ഥ്യത്തിൽ നാം ആരാകുന്നുവെന്ന് ദൈവത്തിനും നമുക്കും മാത്രം അറിയാവുന്ന സത്യം ആണല്ലോ. പരസ്യ ജീവിതത്തേക്കാൾ, രഹസ്യ ജീവിതത്തെ ആഴത്തിൽ ഉറ്റു നോക്കുമ്പോൾ "നിനക്ക് ഇനി ഒരു കുറവ് ഉണ്ട്" എന്ന് പറയാൻ ഇടയാകാതിരിക്കട്ടെ. ദൈവഹിത പ്രകാരം രക്ഷയുടെ പൂർണ്ണ സന്തോഷ ത്തിലും, ആഗ്രഹത്തിലും പരസ്യ ജീവിത പ്രവൃത്തികൾ വെളിപ്പെടാൻ ഇടയാകട്ടെ. കർത്താവ് ഉപേക്ഷിക്കാൻ പറയുന്നതിനെ ത്യജിക്കുവാനും, ഏറ്റെടുക്കുക്കേണ്ടതിനെ സ്വീകരിച്ചും കൊണ്ട് സന്തോഷത്തോടെ പ്രത്യാശാ ജീവിതം നയിക്കാൻ ഏവർക്കും ഇടയാകട്ടെ. ദുഃഖിതനായ പ്രമാണിയെപ്പോലെ നിത്യജീവൻ നഷ്ടപ്പെട്ടവനായിട്ടല്ല, സ്വർഗ്ഗത്തിൽ പേരെഴുതിയവനായി ആശയോടെ ഓട്ടം ഓടാൻ പ്രാർത്ഥിക്കാം. കർത്താവ് സഹായിക്കട്ടെ.

പരാമർശം :

**മത്തായി 6:19**

പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 056**